**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ എൻ.സി.സി ട്രെയിനിങ് സെന്റർ നിർമ്മാണം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ സി സി യുടെ നേവൽ ട്രെയിനിങ് സെൻറർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് 25 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. 5-കേരള നേവൽ ഓഫീസ്, 300 എൻ സി സി കേഡറ്റുകൾക്കു താമസിച്ച് പരിശീലനം നല്കുന്നതിലേക്കായുള്ള നേവൽ ട്രെയിനിങ് സെന്റർ, ബോട്ട് ഹൌസ്, എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപ രേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ സി സി യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫെൻസിങ് നിർമാണത്തിന് 48 ലക്ഷം രൂപ PWD യ്ക്ക് കൈമാറിയിട്ടുമുണ്ട്.<br><br>എന്നാൽ പ്രസ്തുത വസ്തുവുമായി ബന്ധപ്പെട്ട നിലനിൽക്കുന്ന അതിർത്തി തർക്കം സംബന്ധിച്ച് O.S 283/2019, O.S 803/2019 എന്നീ 2 കേസുകൾ ആലപ്പുഴ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തി തർക്കം പരിഹരിച്ചതിനു ശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിയ്ക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ സി സി യുടെ നേവൽ ട്രെയിനിങ് സെൻറർ ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് 25 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. 5-കേരള നേവൽ ഓഫീസ്, 300 എൻ സി സി കേഡറ്റുകൾക്കു താമസിച്ച് പരിശീലനം നല്കുന്നതിലേക്കായുള്ള നേവൽ ട്രെയിനിങ് സെന്റർ, ബോട്ട് ഹൌസ്, എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപ രേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ സി സി യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫെൻസിങ് നിർമാണത്തിന് 48 ലക്ഷം രൂപ PWD യ്ക്ക് കൈമാറിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ പ്രസ്തുത വസ്തുവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന അതിർത്തി തർക്കം സംബന്ധിച്ച് O.S 283/2019, O.S 803/2019 എന്നീ 2 കേസുകൾ ആലപ്പുഴ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തി തർക്കം പരിഹരിച്ചതിനു ശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ